

# ST.ANTONY'S U P SCHOOL ELAVOOR

## ആമുഖം

ഫാദർ അബ്രാഹം കരേടൻ എളവൂർ കുന്നേ പള്ളി

വികാരിയായിരിക്കുന്ന കാലത്താണ് എളവൂർ ഗ്രാമത്തിന്റെ വികസനങ്ങളേറെയും നടന്നത് . അന്ന് പാരിഷിന്റെ കീഴിൽ 2 പ്രൈമറിവിദ്യാലയങ്ങൾനിലവിൽഉണ്ടായിരുന്നു.തുടർന്ന്തുടർവിദ്യാഭ്യാസത്തിനായി3 കിലോമീറ്റർ അകലെയുള്ള പുളിയനം ഗവൺമെൻറ് ഹൈസ്കൂളിൽ പോകേണ്ടിയിരുന്നു . ഈ പ്രദേശത്തുനിന്ന് അവിടെ എത്തിച്ചേരുകദുഷ്കരമായിരുന്നു . ഇടവക ജനങ്ങളുടെയും നാട്ടുകാരുടെയും ഈ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി ഫാദർ കരേടൻ ഒരു അപ്പർ പ്രൈമറി സ്കൂൾ ആരംഭിക്കുന്നതിനായി മുൻകൈയെടുത്തു . സ്കൂൾ പ്രവർത്തനത്തിനായുള്ള കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും അനുമതിക്കായുള്ള അപേക്ഷ ഗവൺമെൻറ് സമർപ്പിക്കുകയും ചെയ്തു . എന്നാൽ അപ്പോൾ ആ അപേക്ഷ സ്വീകാര്യമായില്ല . എങ്കിലും കെട്ടിടം പണി സമയബന്ധിതമായി പൂർത്തിയാക്കി . സ്കൂൾ അനുവദിക്കാനുള്ളപരിശ്രമങ്ങൾസാമൂഹ്യപ്രവർത്തകരുംകമ്മറ്റിഅംഗങ്ങളുംപിന്നീടുവന്നവികാരിയച്ചന്മാരുടെനേതൃത്വത്തിൽ തുടർന്നുകൊണ്ടിരുന്നു . ബഹുമാനപ്പെട്ട പി. ജെ. ജോസഫ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന സമയം വിദ്യാലയം ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചു .1983 ആഗസ്റ്റ് ഏഴിന് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ബഹു മാനപ്പെട്ട ടി. എം. ജേക്കബ് സ്കൂളിൻറെ ഉദ്ഘാടന കർമ്മം നിർവഹിച്ചു . ബഹുമാനപ്പെട്ട സേവിയർ ചെറുപള്ളിക്കാട്ട് അച്ഛനായിരുന്നു അന്നത്തെ വികാരി . ആദ്യവർഷം ഹെഡ്മാസ്റ്റർ അടക്കം 4 അധ്യാപകരും 99 വിദ്യാർത്ഥികളുമായി അഞ്ചാം ക്ലാസ് ആരംഭിച്ചു . ശ്രീ. എം. പി. കുര്യാക്കോസ് സാർ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ . ആ വർഷം വലിയ വരൾച്ചയുടെ നാളുകൾ ആയിരുന്നു .അതിനാൽ സ്കൂൾ 2 ആഴ്ച

വൈകി 15/6/1983-നാണ് പ്രവർത്തനം തുടങ്ങിയത്. സ്കൂളിൻറെപ്രവർത്തനങ്ങൾനന്നായിതുടർന്നുകൊണ്ടിരിക്കുന്നു. കുര്യാക്കോസ് സാറിനു ശേഷം ശാന്ത ടീച്ചർ ,കൊച്ചറാണിടീച്ചർ, എന്നിവർ പ്രധാന അധ്യാപകർ ആയിരുന്നു. ഇപ്പോൾ സിസ്റ്റർ .എം .എം. ജയ്മോൾ പ്രധാന അധ്യാപികയായി തുടരുന്നു. 2011 മുതൽ സ്കൂൾ എറണാകുളം അങ്കമാലി അതിരൂപതയുടെ കീഴിലുള്ള വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ എളവൂർ ഇടവകയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു . ഈ വിദ്യാലയത്തിൽ നിന്നും വളരെയധികം വിദ്യാർഥികൾ പഠിച്ച്ഉയരുകയും ഉന്നത ജീവിത നിലവാരത്തിൽ എത്തിച്ചേരുകയും ചെയ്തിരിക്കുന്നു ഇവിടെ പ്രവർത്തിക്കുന്ന ഓരോരുത്തരും വളരെ ആത്മാർത്ഥതയോടെയാണ് എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത് അതാണ് ഈ സ്കൂളിൻറെ വിജയത്തിന് കാരണം.








# കഴിഞ്ഞ വർഷങ്ങളിലേക്ക് ഒരു എത്തിനോട്ടം

## അക്കാദമികം

കഴിഞ്ഞ അക്കാദമിക വർഷങ്ങളിൽപ്ലാൻ ചെയ്തിരുന്ന കാര്യങ്ങൾ ഒരു പരിധിവരെ പൂർത്തിയാക്കുവാൻ സാധിച്ചു ഇനിയും വളരെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അതിനായി കുട്ടികൾ നേടിയിരിക്കേണ്ട ശേഷികൾ ഓരോ വിഷയവുമായി ബന്ധപ്പെട്ട് ഏതെല്ലാം എന്ന് കൂട്ടായ ചർച്ചയിലൂടെ കണ്ടെത്തി അത് ഓരോ കുട്ടിയിലും ഉറപ്പിക്കുവാനുള്ള പ്രവർത്തനങ്ങളാണ് ഈ വർഷം പ്ലാൻ ചെയ്തിരിക്കുന്നത് അതിന് വിദ്യാർഥി സ്വന്തമാക്കേണ്ട മേഖലകൾ അത് വ്യക്തിഗതമായി നേടുന്നതിനുള്ള പ്രവർത്തനങ്ങൾ അതിന് എത്ര കാലം ആവശ്യം വരും ആരുടെയെല്ലാം സഹായം വേണം സാമ്പത്തികം എങ്ങനെ ഇതെല്ലാം എസ് ആർ ജിയിൽ ചർച്ചചെയ്ത് കണ്ടെത്തി ആ രീതി എങ്ങനെ നടപ്പിലാക്കാം എന്നുള്ളതാണ് ഈ മാസ്റ്റർപ്ലാനിൽ തെളിഞ്ഞു വരുന്നത്

## ഭൗതികം

നമ്മുടെ സ്കൂളിൻറെ ഭൗതിക കാര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വളരെ നാൾ ആഗ്രഹിച്ച എങ്കിലും ഇപ്പോഴാണ് അതിൻറെ പ്രവർത്തനങ്ങൾ തുടരുവാൻ സാധിച്ചത് .എറണാകുളം അങ്കമാലി അതിരൂപതയുടെ കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള ഈ വിദ്യാലയത്തിന് കോർപ്പറേറ്റ് ഏജൻസി അറ്റകുറ്റപ്പണികൾ മതിയായ രീതിയിൽ ചെയ്യുന്നതിന് തുക നൽകിയിരുന്നു. തുടർന്ന് പൂർവ്വ വിദ്യാർത്ഥികളും അഭ്യുദയകാംക്ഷികളും അകമഴിഞ്ഞ സഹായിച്ചു അതിനാൽ വളരെ കാര്യങ്ങൾ ചെയ്യുവാൻ ഉണ്ട്

## സാമൂഹികം

സ്കൂളിൻറെ ശരിയായ ഉന്നമനം നടക്കണമെങ്കിൽ സാമൂഹ്യമായ പങ്കാളിത്തം ഉറപ്പാക്കണംനമ്മുടെ അടുക്കളയിൽ ആവശ്യത്തിനുള്ള ഉപകരണങ്ങൾ ഇല്ലാതിരുന്നതിനാൽ കറുകുറ്റി ലയൺസ് ക്ലബ്ബിൻറെ നേതൃത്വത്തിൽ നമ്മുടെ പൂർവവിദ്യാർത്ഥിയായ സുനിൽ അറക്കൽ എന്ന വ്യക്തിയുടെ ഇടപെടലു മൂലം ഒരുഒരു ലക്ഷം രൂപയുടെ അടുക്കള ഉപകരണങ്ങൾ ലഭിച്ചു .അത് നമുക്ക് വളരെ സഹായകരമായി എം.പി ഫണ്ടിൽ നിന്നും ഒരു സ്കൂൾ ബസ് നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട് .തുടർന്നും സാമൂഹികമായ പല കാര്യങ്ങളും നമുക്ക് നേടിയെടുക്കാൻ ഉണ്ട് .സർവ്വേശ്വരൻ അതെല്ലാം സാധിച്ചു തരുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷ വികസനം<br><br>ഇംഗ്ലീഷ് ,മലയാളം ,ഹിന്ദി ,സംസ്കൃതം ഈ ഭാഷകളുടെ അനായാസമുള്ള കൈകാര്യം ചെയ്യുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ.<br>വായനാ പരിപോഷണം<br>ലൈബ്രറി ശക്തികരണം<br>ഗണിതശേഷി വികസനം<br>ശാസ്ത്രബോഷണ പരിപാടി<br>ലബോറട്ടറി ആധുനികവൽക്കരണം<br>ഇംഗ്ലീഷ് പഠന പരിഭാഷണം<br>സാഹിത്യ പോഷണം<br>ഐടി പരിശീലനം<br><br>ഗവേഷനാത്മക പ്രവർത്തനങ്ങൾ<br><br>അക്ഷരവെളിച്ചം<br><br>സംസ്കൃത കഥാമാലിക<br><br>ഇംഗ്ലീഷ് ജേർണി ഗാന്ധിയോടൊപ്പം<br><br>ശാസ്ത്രകൗതുകം<br>**Fast Track**<br>എസ് ആർ ജി ശാക്തീകരണം | പച്ചക്കറി തോട്ടം<br><br>ഔഷധത്തോട്ടം<br><br>ശലഭോദ്യാനം വികസിപ്പിക്കൽ<br><br>ജന്മദിനത്തിന് ഒരു പുസ്തകം<br><br>എൻറെ ചെടി എനിക്കും പറയാനുണ്ട്<br><br>സെമിനാറുകൾ<br><br>ബോധവൽക്കരണ ക്ലാസ് സ്കൂൾ<br><br>മാഗസിൻ<br><br>ക്ലബ് പ്രവർത്തനങ്ങൾ<br><br>ലാംഗേജ് ലാബ്<br><br>ഗണിത മേള<br><br>ഭാഷോത്സവം<br><br>ചിത്രരചന<br><br>യോഗ പരിശീലനം | വിദ്യാലയ വികസന സമിതി സഹകരണം<br><br>പൂർവ്വ വിദ്യാർത്ഥി സംവിധാനം<br><br>ക്ലാസ് പ്രവർത്തന ങ്ങളിൽ രക്ഷിതാക്കളുടെ സഹകരണം<br><br>വിദ്യാലയ മികവ് ഫലം സമൂഹവുമായി പങ്കുവയ്ക്കൽ<br><br>സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തി ക്കൽ<br><br>കുട്ടികളുടെ വീട് സന്ദർശനം |

# <u>അക്ഷരവെളിച്ചം</u>

## ആമുഖം

ഭാഷ എന്നത് ആശയവിനിമയത്തിനുള്ള ഒരു ഉപാധിയാണ്. എന്നാൽ മാതൃഭാഷ എന്നത് കേവലം ആശയവിനിമയത്തിനുള്ള മാർഗ്ഗം മാത്രമല്ല. മറിച്ച്, അത് സ്വന്തം മണ്ണിൽ ചവിട്ടി നിൽക്കുന്ന അനുഭൂതിയാണ് നമ്മിൽ ഉണർത്തുന്നത്. ഒരു വ്യക്തിയുടെ ചിന്തകൾ ആരംഭിക്കുന്നത് അവൻ്റെ മാതൃഭാഷയിലൂടെയാണ് .

സമ്പൂർണ വികാസമാണ് നാം വിദ്യഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്. അക്ഷരജ്ഞാനം വിദ്യഭ്യാസത്തിന്റെ മാർഗ്ഗമാണ്. അക്ഷരം അറിവാണ്. അത് നശിക്കാത്ത ഒന്നാണ്. അക്ഷരം അറിവിൻ കനിയുടെ കരുവാണ്. സ്വരങ്ങളുടെ മാധുര്യവും വ്യഞ്ജനങ്ങളുടെ ദൃഢതയും ചേർന്ന അക്ഷരമാല മലയാളത്തിൻ്റെ അക്ഷയഖനിയാണ്.

മാതൃഭാഷ പഠനത്തിൻ്റെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കി അതിന് പ്രാധാന്യം നൽകുകയും സ്വഭാഷയെ സ്നേഹിക്കുകയും ആദരിക്കു കയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു തലമുറയായി കുഞ്ഞുങ്ങൾ വളർന്നു വരണം. 'അക്ഷരവെളിച്ചം' മനസിനെ പ്രകാശമുള്ളതാക്കട്ടെ. പ്രഭാപൂർണ്ണമാക്കട്ടെ. എന്ന് ആശംസിക്കുന്നു.

## <u>ജൂൺ</u>

ജൂൺമാസത്തിൽ ആദ്യദിവസങ്ങളിൽ തന്നെ കുട്ടികളോട് വ്യക്തിഗതമായി അവരുടെ അവധിക്കാല അനുഭവങ്ങൾ പറയിക്കുന്നു . അതിൽ നിന്നും ഭാഷണത്തിന് ബുദ്ധിമുട്ടനുഭവിക്കുന്നവരെ കണ്ടെത്തുന്നു. തുടർന്ന് കുട്ടി കവിതകൾ, അക്ഷരപ്പാട്ട് എന്നിവയിലൂടെയും പഴഞ്ചൊല്ലുകൾ കടങ്കഥാപയറ്റ് എന്നിവയിലൂടേയും ഭാഷണത്തോടുള്ള വിരക്തി അകറ്റുന്നു.

## <u>ജൂലൈ</u>

കുട്ടികളോട് വ്യക്തിഗതമായി പുതിയ വിദ്യാലയത്തിൽ അവർക്കേറ്റവും ഇഷ്ടപ്പെട്ട എന്തെങ്കിലും ഒന്നിനെ കുറിച്ച് അഞ്ചു വാചകത്തിൽ കവിയാതെ എഴുതാൻ ആവശ്യപ്പെടുന്നു. കുട്ടികളുടെ എഴുത്ത് വിലയിരുത്തിയതിനു ശേഷം അവരെ മൂന്ന് ഗ്രൂപ്പുകളാക്കി തിരിച്ച് ഓരോ ഗ്രൂപ്പിനും യോജിക്കുന്ന പഠനപ്രവർത്തനങ്ങൾ

നൽകുന്നു. ഗ്രൂപ്പ് 3 ലെ കുട്ടികളെ എല്ലാ ദിവസവും രാവിലെ 9 മണിമുതൽ പ്രത്യേകം ശ്രദ്ധ നൽകി പഠിപ്പിക്കുന്നു.

ICT സാധ്യത ഉപയോഗിച്ച് വീഡിയോ പ്രദർശനം നടത്തി വിഡിയോയിൽ കണ്ട വസ്തുക്കളുടെ പേരുകൾ എഴുതിക്കുന്നു. ന്യൂസ് പേപ്പറുകൾ നൽകി ഏതെങ്കിലും ഒരു അക്ഷരം മാത്രം കുട്ടികളെ കൊണ്ട് അടയാള പ്പെടുത്തുന്നു.

## ആഗസ്റ്റ്

ICT സാധ്യത ഉപയോഗിച്ച് വീഡിയോ പ്രദർശനം നടത്തി വീഡിയോയിൽ കണ്ട കാര്യങ്ങൾ വാചകങ്ങളായി എഴുതിക്കുന്നു. തെറ്റുകൾ വരുന്നത് അപ്പോൾ തന്നെ കുട്ടികളെ കൊണ്ട് തന്നെ തിരുത്തിക്കുന്നു .

## സെപ്റ്റംബർ

വാചകങ്ങളെ തമ്മിൽ കൂട്ടിയോജിപ്പിക്കുന്നതിനായി ഉതകുന്ന തരത്തിൽ സംഭവങ്ങളിൽ നിന്ന് കഥ പൂർത്തിയാക്കുക, ചിത്രങ്ങളിൽ നിന്ന് കഥ വികസിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കൂടുതലായി എഴുത്തിന്റെ ശേഷി വർധിപ്പിക്കുന്നു.

## ഒക്ടോബർ

കുട്ടികൾ എഴുതിയ ചെറിയ കഥകൾ യോജിപ്പിച്ചു അതൊരു പതിപ്പാക്കി മാറ്റുകയും സ്കൂളിൽ പ്രകാശനം ചെയ്യുകയും ചെയ്യുന്നു . പതിപ്പിൻ്റെ എല്ലാ പ്രവർത്തനങ്ങളും അധ്യാപികയുടെ മേൽനോട്ടത്തിൽ കുട്ടികൾ തനിയെ നിർവഹിക്കുന്നു.

## നവംബർ

കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി പാഠഭാഗത്തെ ചെറിയ കഥകളെ സംഭാഷണ രൂപത്തിലാക്കാൻ പരിശീലിപ്പിക്കുന്നു. സംഭാഷണങ്ങൾ കുട്ടികൾ ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുന്നു.

## ഡിസംബർ

കുട്ടികൾ തയ്യാറാക്കിയ സംഭാഷണ ഭാഗങ്ങൾ യോജിപ്പിച്ചു സ്കിറ്റ് തയ്യാറാക്കുന്നു. സ്കിറ്റുകൾ ക്ലാസ്സിൽ അവതരിപ്പിച്ച് വിലയിരുത്തൽ നടത്തുന്നു.

## ജനുവരി

കുട്ടികൾ അവതരിപ്പിച്ച സ്കിറ്റുകളിൽ മികച്ചവ കണ്ടെത്തി സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ കുട്ടികൾ തനിയെ നടത്തുകയും മാസാവസാനം അവതരിപ്പിക്കുകയും ചെയുന്നു .

## ഫെബ്രുവരി

ഓരോ ക്ലാസ്സുകാരും ഓരോ പാഠഭാഗം വീതം തിരഞ്ഞെടുത്ത് ഗ്രൂപ്പായി നാടകം തയ്യാറാക്കുന്നു . ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുന്നു . വിലയിരുത്തലിനു ശേഷം മികച്ചവ കണ്ടെത്തുന്നു.

## മാർച്ച്

കുട്ടികൾ തയ്യാറാക്കിയ നാടകം പഠനോൽസവത്തിൽ അവതരിപ്പിക്കുന്നു.





# സംസ്കൃത കഥാമാലിക

കുട്ടികളുടെ കഥാനൈപുണി പരിപോഷിപ്പിക്കുന്നതിനായി മികവ് പ്രവർത്തനമായി തിരഞ്ഞെടുത്തത് 'സംസ്കൃത കഥാ മാലികയാണ്.'

## June

അക്ഷര പരിചയവും, അക്ഷരങ്ങളോടൊപ്പം ചിത്രങ്ങളോടു കൂടിയ നാമപദങ്ങൾ പതിപ്പ് അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

## July

ക്രിയാ പദങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും ക്രിയാ പദങ്ങളുടെ ചിത്രസഹിത പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു.

## August

വാചകങ്ങളിലൂടെ കുട്ടികളെ സംഭാഷണത്തിന് തയ്യാറാക്കുന്നു. സംഭാഷണം അസംബ്ലിയിൽ അവതരിപ്പിക്കുന്നു. പതിപ്പ് പ്രദർശനം.

## September - October

ചിത്ര പദ കോശം നിർമ്മിക്കുന്നു. അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

## November

കഥാക്രമീകരണം വിവിധ കഥകളിലൂടെ കുട്ടികളെ പരിചയപ്പെടുത്തുകയും ശേഖരണം നടത്തുകയും ചെയ്യുന്നു.

## December - January

കഥാപുസ്തകങ്ങൾ വായിക്കുവാനും മലയാള ഭാഷയിൽ കുറിപ്പെഴുതാനും കുട്ടികളെ തയ്യാറാക്കുന്നു.

## February - March

മുൻമാസങ്ങളിലെ പ്രവർത്തനങ്ങളിലൂടെ കഥാശേഖരണം നടത്തുകയും, ഇഷ്ടപ്പെട്ട കഥ അവതരണം നടത്തുന്നു

# MIKAVU ACTIVITIES

# ENGLISH

| | |
|---|---|
| June | Making alphabet book. |
| July | Asking for permission. (May I…… Can I….. , etc.)<br>Presenting conversation |
| August | Enhancing vocabulary (collection of nouns, verbs, adverbs etc.)<br>Collection |
| September & October | Framing Wh – Questions<br><br>Picture Description |
| November | Yes or No questions<br>Matching game (Making flash cards with pictures on them.) |
| December | Preposition game (on, in, under, near…….)<br>Game |
| January | Greeting<br>Greeting card |
| February | Magic words (please, excuse me…..)<br>Collection and application |
| March | Collection and reading moral stories<br>Presentation of skit |

# ശാസ്ത്ര കൗതുകം

വിവിധതരം പഠന തന്ത്രങ്ങളിലൂടെ കുട്ടികളിലെ ശാസ്ത്രഭിരുചിവളർത്തുകയും ക്ലാസ് റൂം പ്രവർത്തനങ്ങളിൽ എല്ലാവരുടെയുംപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനു വേണ്ടിയും 'ശാസ്ത്ര കൗതുകം'എന്ന പേരിൽ മികവ് പ്രവർത്തനം തിരഞ്ഞെടുത്തു.

## June - ഹരിത ഡയറി

ചെടികൾ നട്ടുവളർത്തുന്നത് മാത്രമല്ല കൃഷി എന്നും അനുബന്ധകാർഷിക മേഖലകൾ കാർഷിക സംരംഭങ്ങൾ കൃഷിലാഭകരമാക്കുന്നു എന്നുമുള്ള ധാരണ വളർത്തുന്നതിനുവേണ്ടി വിവിധ തരം കാർഷിക സംരംഭങ്ങൾ പരിചയപ്പെടുത്തുന്നു.

## July - സംഗീത നൃത്ത ആവിഷ്കാരം

പകർച്ചവ്യാധികൾ, അവ പകരുന്ന വിധം, രോഗപ്രതിരോധ

മാർഗങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു സംഗീത നൃത്ത

ആവിഷ്ക്കാരം നടത്തുന്നു.

## August – Emergency lamb നിർമ്മാണം

**Battery, LED bulb, switch** എന്നിവയുടെ സഹായത്തോടെ **emergency lamb**ന്റെ മാതൃക നിർമ്മിക്കുന്നു.

**September – October - സെമിനാർ**

നാം നേരിടുന്ന വലിയൊരു പ്രശ്നമാണ് മലിനീകരണം.

മലിനീകരണത്തെ കുറിച്ചുള്ള **paper cutting-**കളും കുറിപ്പുകളും

ശേഖരിച്ചു സെമിനാർ അവതരിപ്പിക്കുന്നു.

**November - പതിപ്പ്**

**5,6,7** ക്ലാസ്സുകളിൽ ആഹാര ശൃംഖലയെക്കുറിച്ചു പഠിക്കുന്നുണ്ട്.

വിദ്യാർത്ഥികൾ ആഹാര ശൃംഖലയുമായി ബന്ധപ്പെട്ട ഒരു പതിപ്പ്

നിർമ്മിക്കുന്നു.

**December – January - project**

ഒരു സസ്യത്തിന്റെ ഏതെല്ലാം ഭാഗങ്ങൾ സൂചകങ്ങളായി

ഉപയോഗിക്കുമെന്ന് **project** ലൂടെ കണ്ടെത്തുന്നു.

**February - Food fest**

പോഷകാഹാരത്തിന്റെ പ്രാധാന്യം മനസിലാക്കുന്നതിനു വേണ്ടി**food fest** സംഘടിപ്പിക്കുന്നു.

# March

**powerpoint presentation**

# Fast Track

## June

9 അക്ക സംഖ്യകൾ വരെ വായിക്കാനും എഴുതുവാനും കുട്ടികളെ പ്രാപ്തരാക്കുകയും റോമൻ സംഖ്യകളെ കുറിച്ച് കുട്ടികൾക്ക് അറിവുണ്ടാവുകയും ചെയ്യുക എന്നതാണ് ജൂൺ മാസത്തെ ലക്ഷ്യം.

പ്രതീക്ഷിക്കുന്ന ഉല്പന്നം :- സംഖ്യ പോക്കറ്റ്.

## July

**Indian number system** വും **international number System** വും തമ്മിലുള്ള വ്യത്യാസവും **international numbers System** ത്തിൽ വായിക്കാനുള്ള അറിവുണ്ടാവുകയും ചെയ്യുക എന്നതാണ് **July** മാസത്തെ ലക്ഷ്യം.

പ്രതീക്ഷിക്കുന്ന ഉല്പന്നം :- **chart**, സംഖ്യാ കാർഡ്

## August

ആഗസ്റ്റ് മാസത്തിൽ സങ്കലന വ്യവകലന ക്രിയകൾ കൂടുതൽ എളുപ്പത്തിൽ സ്വായത്തമാക്കുകയാണ് ലക്ഷ്യം. മനക്കണക്കിന് പ്രാധാനം നല്കുന്ന രീതിയാണ് ലക്ഷ്യമിടുന്നത്.

പ്രതീക്ഷിക്കുന്ന ഉല്പന്നം :- സെമിനാർ റിപ്പോർട്ട്.

## September and October

ഗുണന ഹരണങ്ങൾ എളുപ്പത്തിൽ പഠിക്കാനുള്ള വിവിധ

രീതികളാണ് ഈ മാസത്തിൽ നടത്തുന്നത്. ഇവിടെയും മനക്കണക്കിന്റെ പ്രധാന്യവും എളുപ്പവഴികളും ചർച്ച ചെയ്യുന്നു.

പ്രതീക്ഷിക്കുന്ന ഉല്പ്പന്നം : സെമിനാർ റിപ്പോർട്ട്.

## November

ഗണിത ക്വിസുകൾ നടത്തി ഗണിതത്തിനോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രതീക്ഷിക്കുന്ന ഉല്പ്പന്നം : ഗണിത ക്വിസ് ബുക്ക്

## December & January

പസിലുകൾ പരിചപ്പെടുത്തുകയാണ് ഈ മാസങ്ങളിലെ ലക്ഷ്യം.

പ്രതീക്ഷിക്കുന്ന ഉല്പ്പന്നം : **chart**

## February

**Number pattern** കളാണ് **February** മാസത്തിൽ നടത്തുന്നത്. ഇതിലുടെ ഗണിതസംഖ്യകളിലെ കൗതുകം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.

പ്രതീക്ഷിക്കുന്ന ഉല്പ്പന്നം :- **chart**

## March

ഗണിതത്തിന്റെ ഭംഗി **Geometric patterns** ലൂടെ കുട്ടികളെ മനസിലാക്കുകയാണ് ഈ മാസത്തെ ലക്ഷ്യം.

പ്രതീക്ഷിക്കുന്ന ഉല്പ്പന്നം : **chart**

# ഗാന്ധിയോടൊപ്പം

മോഹൻ ദാസ് കരംചന്ദ് ഗാന്ധി അഥവാ മഹാത്മാഗാന്ധി (1869 ഒക്ടോബർ 2 – 1948 ജനുവരി 30) ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ "രാഷ്ട്ര പിതാവ്"എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിൽ ഊന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി. "മഹത്തായ ആത്മാവ്" എന്ന അർത്ഥം വരുന്ന "മഹാത്മാഅച്ഛൻ "എന്ന അർത്ഥം വരുന്ന "ബാപ്പു"എന്നി നാമ വിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു. കേവലം ഒരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു.ഏറ്റവും കഠിനമായ പ്രതിസന്ധിഘട്ടങ്ങളിലും സത്യം, അഹിംസ എന്നീമൂല്യങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കാനും ജീവിതചര്യയാക്കി മാറ്റാനും അദ്ദേഹം ശ്രദ്ധിച്ചു.

ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ച അദ്ദേഹം പൊതുപ്രവർത്തകർക്ക് മാതൃകയായി. സ്വയം നൂൽനൂറ്റുണ്ടാക്കിയ വസ്ത്രം ധരിച്ചു. സസ്യാഹാരം മാത്രം ഭക്ഷിച്ചു. ഉപവാസം അഥവാ നിരാഹാരം ആത്മശുദ്ധീകരണത്തിനും പ്രതിഷേധത്തിനും ഉള്ള ഉപാധിയാക്കി. അദ്ദേഹത്തിൻറെ ദിനമായ ഒക്ടോബർ 2 ഗാന്ധിജയന്തി എന്ന പേരിൽ ദേശീയ അവധി നൽകി ആചരിക്കുന്നു.

## JUNE

### ഗാന്ധിജി ലഘു വിവരണം തയ്യാറാക്കൽ

5,6,7 ക്ലാസുകളിലെ കുട്ടികളെ ഗ്രൂപ്പ് ആക്കുന്നു. ഗാന്ധിജിയുമായി ബന്ധപ്പെട്ട ഗ്രന്ഥങ്ങൾ / പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ വ്യക്തിഗതമായി വിവരങ്ങൾ തയ്യാറാക്കുന്നു. എല്ലാ വിവരങ്ങളും ലീഡർ ക്രോഡീകരിച്ച് വിവരണം ക്ലാസിൽ അവതരിപ്പിക്കുന്നു. മികച്ചവ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. വിജയികളായവർക്ക് സമ്മാനം നൽകുന്നു. കുട്ടികൾ ശേഖരിച്ച വിവരങ്ങൾ എല്ലാം ചേർത്ത് എൻറെ ഗാന്ധി ലഘുവിവരണ കുറിപ്പ് പ്രകാശനം ചെയ്യുന്നു.

## JULY

### ഗാന്ധി കവിതകൾ

ഓരോ ഗ്രൂപ്പ് അംഗവും ഗാന്ധിജിയുമായി ബന്ധപ്പെട്ട കവിതകൾ ശേഖരിച്ച് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പും ഓരോ കവിത അസംബ്ലിയിൽ അവതരിപ്പിക്കുന്നു. 'എന്റെ ഗാന്ധി

എന്റെ സ്വന്തം കവിതാശേഖരണ ബുക്ക് പ്രകാശനം ചെയ്യുന്നു.

## AUGUST

### പുസ്തക പരിചയം

ഓരോ കുട്ടിയും തങ്ങൾക്ക് കിട്ടിയ പുസ്തകത്തെ അസംബ്ലിയിൽ കൂട്ടുകാർക്ക് പരിചയപ്പെടുത്തുന്നു. കുറിപ്പ് തയ്യാറാക്കി 'പുസ്തകത്താളിലൂടെ' എന്ന പേരിൽ വായനാമൂലയിൽ സൂക്ഷിക്കുന്നു.

## SEPTEMBER

### ആത്മകഥ പുനരാവിഷ്കാരം

ആത്മകഥ – എന്റെ സത്യാന്വേഷണ പരീക്ഷണ കഥ

ആത്മകഥയുടെ നാൾ വഴികളിലൂടെ സഞ്ചരിച്ച് അതിൽ നിന്നും ആശയങ്ങളെ സ്വാംശീകരിച്ച് "മഹാത്മാ ജ്വാലകൾ"എന്ന പേരിൽ ഒരു കൊച്ചു പുസ്തകം ഓരോ ഗ്രൂപ്പും പ്രകാശനം ചെയ്യുന്നു.

## OCTOBER

### ഗാന്ധി കഥകൾ

ആകർഷകമായ പേരുകൾ നൽകി " ഗാന്ധികഥ"പുസ്തകം ഓരോഗ്രൂപ്പും തയ്യാറാക്കുന്നു. അസംബ്ലിയിൽ അവതരിപ്പിക്കുന്നു. ഗാന്ധി ജന്മദിനം ആഘോഷിക്കുന്നു.

## NOVEMBER

### ഗാന്ധി ചിന്തകൾ

ഓരോ കുട്ടിയും ഗാന്ധി സൂക്തങ്ങൾ ശേഖരിച്ച് പതിപ്പാക്കുന്നു. വായനാമൂലയിൽ സൂക്ഷിക്കുന്നു.

## DECEMBER

### ഗാന്ധി സമരങ്ങൾ - റോൾ പ്ലേ

ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ ചമ്പാരൻ ഖേഡ, തുണിമിൽ സമരം തുടങ്ങിയ സമര വിവരങ്ങൾ ശേഖരിച്ച് ചെറുവിവരണം തയ്യാറാക്കി ബുക്ക് ആക്കുന്നു. അതിനുപുറമേ ഓരോ ഗ്രൂപ്പും ഓരോ സമരങ്ങൾ റോൾ പ്ലേയിലൂടെ അവതരിപ്പിക്കുന്നു.

## JANUARY

### ന്യൂസ് പേപ്പർ നിർമ്മാണം

ഓരോ ഗ്രൂപ്പും ആകർഷകമായ രീതിയിൽ പേരുകൾ നൽകി വാർത്തകളും വിവരങ്ങളും ചിത്രങ്ങളും ഗാന്ധിജിയുമായി ബന്ധപ്പെട്ട എല്ലാം ഉൾപ്പെടുത്തി ന്യൂസ് പേപ്പർ തയ്യാറാക്കി അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു.

## FEBRUARY

### Digital Documentation

ഗാന്ധി മാർഗേ

ഓരോ ഗ്രൂപ്പും **Digital Documentation** നടത്തി

അവതരിപ്പിക്കുന്നു.

## MARCH

### മാഗസിൻ നിർമ്മാണം

നാല് ഗ്രൂപ്പും മാഗസിൻ നിർമ്മിച്ച് അസംബ്ലിയിൽ അല്ലെങ്കിൽ **Social science** ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗാന്ധി - നേരനുഭവങ്ങൾ ഗാന്ധിയുമായി ബന്ധപ്പെട്ട് നടത്തിയ എല്ലാ പരിപാടികളുടെയും (JUNE - FEBRUARY ) ക്രോഡീകരണം നടത്തുന്നു. ബൃഹത്തായ 4 മാഗസിനുകൾ വിശിഷ്ട വ്യക്തിത്വങ്ങളുടെ സാന്നിധ്യത്തിൽ പ്രകാശനം ചെയ്യുന്നു. **School library** യിൽ സംരക്ഷിക്കുന്നു.

# ACADEMIC MASTER PLAN

## ST.ANTONY'S U P SCHOOL ELAVOOR

## PROFILE

| | |
|---|---|
| NAME | ST.ANTONY'S U P S ELAVOOR |
| ADDRESS | ELAVOOR P O<br>PIN: 683572 |
| DISTRICT | ERNAKULAM |
| EDUCATION DIST. | ALUVA |
| SUB.DIST. | ANGAMALY |
| LOCALITY | RURAL |
| PANCHAYATH | PARAKKADAVU |
| TALUK | ALUVA |
| TYPE | AIDED.UP 5-7 |
| HEAD OF THE SCHOOL | M M JAIMOL |
| MOB.NO. | 9497238840 |
| SCHOOL PHONE NO. | 0484-2990650 |
| Email ID | saupselavoor@gmail.com |
| NO OF TEACHERS | 9 |
| NO OF NON-TEACHING STAFF | 1 |

# ACADEMIC MASTER PLAN

## ST.ANTONY'S U P SCHOOL ELAVOOR

## PROFILE

| | |
|---|---|
| NAME | ST.ANTONY'S U P S ELAVOOR |
| ADDRESS | ELAVOOR P O<br>PIN: 683572 |
| DISTRICT | ERNAKULAM |
| EDUCATION DIST. | ALUVA |
| SUB.DIST. | ANGAMALY |
| LOCALITY | RURAL |
| PANCHAYATH | PARAKKADAVU |
| TALUK | ALUVA |
| TYPE | AIDED.UP 5-7 |
| HEAD OF THE SCHOOL | M M JAIMOL |
| MOB.NO. | 9497238840 |
| SCHOOL PHONE NO. | 0484-2990650 |
| Email ID | saupselavoor@gmail.com |

| | |
|---|---|
| **NO OF TEACHERS** | **9** |
| **NO OF NON-TEACHING STAFF** | **1** |